**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1652** **08-10-2021 - ല്‍ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കാന്‍ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീന്‍ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ടി.ഐ.മധുസൂദനന്‍,<br>ശ്രീ. സേവ്യര്‍ ചിറ്റിലപ്പിള്ളി** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസമേഖലയെ അന്തര്‍ദേശീയ നിലവാരത്തിലേക്കുയര്‍ത്തുന്നതിന് സര്‍വ്വകലാശാലകളിലും കോളേജുകളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | അനുബന്ധം - I ആയി ചേര്‍ത്തിട്ടുണ്ട്. |
| (ബി) | കിഫ്ബി ഫണ്ടുപയോഗിച്ച് വിപുലമായ തോതില്‍ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (ബി) | അനുബന്ധം -I ആയി ചേര്‍ത്തിട്ടുണ്ട്. |
| (സി) | അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കാന്‍ നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | അനുബന്ധം - II ആയി ചേര്‍ത്തിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍

# അനുബന്ധം - I

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലയെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സർവ്വകലാശാലകളിലും, കോളേജുകളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കിഫ്ബി പദ്ധതി പ്രകാരം 75 കോടി രൂപയും, പോളിടെക്നിക്കുകളുടെ അടിസ്ഥാന വികസനത്തിനായി 50 കോടി രൂപയുടെയും പദ്ധതി വിഹിതം ഉപയോഗിച്ച് നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. പൊതുമരാമത്തു വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പലതും പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിൽ വിവിധ പദ്ധതി നിർവ്വഹണ ഏജൻസികൾ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## 1. KITE

| നം | കോളേജിന്റെ പേര് | ജില്ല | അനുവദിച്ച തുക | പൂർത്തിയായത് |
|---|---|---|---|---|
| 1. | ഗവ. കോളേജ് ആറ്റിങ്ങൽ | തിരുവനന്തപുരം | 9.68 Cr. | 96% |
| 2. | ഗവ. സംസ്കൃത കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം | 7.57 Cr. | 30% |
| 3. | കെ.എൻ.എം ഗവ. കോളേജ് കാഞ്ഞിരംകുളം | തിരുവനന്തപുരം | 2.39 Cr. | 93% |
| 4. | എം.എം.എസ് കോളേജ് മലയിൻകീഴ് | തിരുവനന്തപുരം | 7.89 Cr. | 63% |
| 5. | ഗവ. കോളേജ് നെടുമങ്ങാട് | തിരുവനന്തപുരം | 7.63 Cr. | 63% |
| 6. | ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം (ഡി.പി.ആറിൽ മാറ്റമുള്ളതിനാൽ പുതുക്കിയ രൂപകൽപനയും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ്. ഇതിനുള്ള നടപടികൾ പുരോഗമിക്കുന്നു. | തിരുവനന്തപുരം | 4.56 Cr. | 0% |
| 7. | ഗവ. സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ | എറണാകുളം | 5.77 Cr. | 73% |
| 8. | പനമ്പിള്ളി ഗവ. കോളേജ്, ചാലക്കുടി | തൃശ്ശൂർ | 7.19 Cr. | 69% |
| 9. | കെ.കെ.റ്റി.എം കോളേജ്, പുല്ലൂറ്റ്, തൃശ്ശൂർ | തൃശ്ശൂർ | 6.22 Cr. | 81% |
| 10. | അച്യുതമേനോൻ കോളജേ, തൃശ്ശൂർ | തൃശ്ശൂർ | 10.49 Cr. | 65% |
| 11. | ഗവ. കോളേജ്, തവനൂർ | മലപ്പുറം | 10.24 Cr. | 94% |

## 2. KSITIL

കേരളത്തിലെ 7 ഗവഃ എഞ്ചിനീയറിംഗ് കോളേജുകൾ, 13 ആർട്സ് & സയൻസ് കോളേജുകൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിലെ വിവിധ നിർമ്മാണ പ്രവർത്തികൾ എന്നീ കിഫ്ബി ധനസഹായ പദ്ധതികളുടെ നിർമ്മാണ നിർവഹണ ഏജൻസിയായി (SPV ) കേരള സ്റ്റേറ്റ് ഐ. ടി ഇൻഫ്രസ്ട്രക്ചർ ലിമിറ്റഡ് (KSITIL ) നെ നിയമിച്ചിട്ടുണ്ട് .

ഇവയിൽ താഴെപറയുന്ന പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട് .

| | | | |
|---|---|---|---|
| 1) | കേരളത്തിലെ വിവിധ ജില്ലകളിലായി 8 ആർട്സ് & സയൻസ് കോളേജുകൾ | : | 54 കോടി രൂപ |
| 2) | കേരളത്തിലെ വിവിധ ജില്ലകളിലായി 6 എഞ്ചിനീറിങ് കോളേജുകൾ | : | 59.58 കോടി രൂപ |
| 3) | ഗവഃ ബ്രണ്ണൻ കോളേജ്, തലശ്ശേരി | : | 21 .52 കോടി രൂപ |
| 4) | കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിലെ നിർമ്മാണ പ്രവർത്തികൾ | : | 43.52 കോടി രൂപ |

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രവർത്തികൾ | അംഗീകരിച്ച തുക |
|---|---|---|
| 1 | ഗവഃ ബ്രണ്ണൻ കോളജ് തലശ്ശേരി | രൂ. 21 .52 കോടി |
| 2 | ഗവഃ എഞ്ചി കോളേജ് , ഇടുക്കി | രൂ 14.36 കോടി |
| 3 | ഗവഃ എഞ്ചി കോളേജ്, കണ്ണൂർ | രൂ 9.60 കോടി |
| 4 | ഗവഃ എഞ്ചി കോളേജ്, കോഴിക്കോട് | രൂ 10.60 കോടി |
| 5 | ഗവഃ എഞ്ചി കോളേജ്, വയനാട് | രൂ 6.38 കോടി |
| 6 | ഗവഃ എഞ്ചി കോളേജ്, പാലക്കാട് | രൂ 11.52 കോടി |
| 7 | ഗവഃ എഞ്ചി കോളേജ്, തൃശ്ശൂർ | രൂ 7.12 കോടി |

| | | |
|---|---|---|
| 8 | ഗോവിന്ദ് പൈ മെമ്മോറിയൽ ഗവഃ കോളേജ് മഞ്ചേശ്വരം | രൂ 4.86 കോടി |
| 9 | ഇ കെ നായനാർ ഗവഃ കോളേജ് ഇലാരിതട്ട് | രൂ 6.13 കോടി |
| 10 | ഗവഃ കോളേജ് കാസറഗോഡ് | രൂ 7.56 കോടി |
| 11 | എൻ എം എസ് എം ഗവഃ കോളേജ് വയനാട് | രൂ 8.43 കോടി |
| 12 | കെ എം എം ഗവഃ വനിതാ കോളേജ് കണ്ണൂർ | രൂ 7.16 കോടി |
| 13 | ഗവഃ ആർട്സ് &സയൻസ് കോളേജ് മങ്കട | രൂ 5.67 കോടി |
| 14 | എസ് എൻ ജി എസ് കോളേജ് പട്ടാമ്പി | രൂ 6.46 കോടി |
| 15 | ടി എം ഗവഃ കോളേജ് തിരൂർ | രൂ 7.33 കോടി |
| 16 | കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിലെ നിർമ്മാണ പ്രവർത്തികൾ | രൂ 43.52 കോടി |
| | **ആകെ** | **രൂ 178.21 കോടി** |

മേൽപ്പറഞ്ഞ പദ്ധതികളിൽ തലശ്ശേരിയിലെ ബ്രണ്ണൻ കോളേജിന്റെ നിർമാണത്തിന് കരാറിൽ ഏർപ്പെട്ടുകയും നിർമാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. 6 ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും (കെ.എം.എം ഗവ. വനിത കോളേജ് കണ്ണൂർ, ഇ.കെ. നയനാർ ഗവ. കോളേജ് ഇലരിത്തട്ട്, ഗോവിന്ദ് പൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജ് മഞ്ചേശ്വരം, ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് മങ്കട, എൻ.എം.എസ്.എം. ഗവ. കോളേജ് വയനാട്, എൻ.എൻ.ജി.എസ് കോളേജ് പട്ടാമ്പി) 2 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെയും (ഗവ.എഞ്ചിനീയറിംഗ് കോളേജ് കോഴിക്കോട്, ഗവ.എഞ്ചിനീയറിംഗ് കോളേജ് വയനാട്) നിർമ്മാണ പ്രവർത്തനങ്ങൾക്കായി കരാറുകാരനെ കണ്ടെത്തുന്നതിനായുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

3. KITCO Ltd.

Annexure

| അടിസ്ഥാന സൗകര്യ വികസനത്തിന് KIIFB തുക അനുവദിച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ (SPV - KITCO ) | | | | |
|---|---|---|---|---|
| സി. നം: | സ്ഥാപനങ്ങളുടെ / കോളേജുകളുടെ പേര് | ജില്ല | കിഫ്ബി അംഗീകരിച്ച തുക ( കോടി) | പ്രവർത്തിയുടെ നില |
| I | ഗവൺമെൻറ് പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസനം | | | |
| 1 | ഗവൺമെൻറ് പോളിടെക്നിക് കോളേജ്, അടൂർ | പത്തനംതിട്ട | 4.836 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 2 | സെൻട്രൽ പോളിടെക്നിക് കോളേജ് വട്ടിയൂർക്കാവ് | തിരുവനന്തപുരം | 6.04 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 3 | മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് മെമ്മോറിയൽ ഗവൺമെൻറ് പോളിടെക്നിക് കോളേജ്, വെണ്ണിക്കുളം | പത്തനംതിട്ട | 9.514 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 4 | ഗവൺമെൻറ് പോളിടെക്നിക് കോളേജ്, പെരുമ്പാവൂർ | എറണാകുളം | 9.6 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 5 | ഗവൺമെൻറ് പോളിടെക്നിക് കോളേജ്, വണ്ടിപ്പെരിയാർ | ഇടുക്കി | 9.95 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 6 | ഗവൺമെൻറ് പോളിടെക്നിക് കോളേജ്, ചേലക്കര | തൃശൂർ | 3.44 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 7 | ഗവൺമെൻറ് പോളിടെക്നിക് കോളേജ്, മാനന്തവാടി | വയനാട് | 8.22 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 8 | ഗവൺമെൻറ് പോളിടെക്നിക് കോളേജ് ഷൊർണൂർ | പാലക്കാട് | 1.46 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| II | ഹെറിറ്റേജ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം | | | |
| 9 | ഗവൺമെൻറ് വിക്ടോറിയ കോളേജ്, പാലക്കാട് | പാലക്കാട് | 15.79 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 10 | മഹാരാജാസ് കോളേജ്, എറണാകുളം | എറണാകുളം | 15.94 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 11 | കേരളവർമ്മ കോളേജ്, തൃശൂർ | തൃശൂർ | 14.323 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 12 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം | 20.27 | റീ ടെൻഡർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു |
| III | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം | | | |
| 13 | ഗവൺമെൻറ് കോളേജ്, കുന്നമംഗലം | കോഴിക്കോട് | 9.045 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |

| സി. നം: | സ്ഥാപനങ്ങളുടെ / കോളേജുകളുടെ പേര് | ജില്ല | കിഫ്ബി അംഗീകരിച്ച തുക ( കോടി) | പ്രവർത്തിയുടെ നില |
|---|---|---|---|---|
| 14 | ഗവൺമെൻറ് കോളേജ്, ബാലുശ്ശേരി | കോഴിക്കോട് | 9.917 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 15 | ഗവൺമെൻറ് കോളേജ്, നാദാപുരം | കോഴിക്കോട് | 9.215 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 16 | ഗവൺമെൻറ് കോളേജ്, ചൊക്ലി | കണ്ണൂർ | 9.043 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 17 | ടിഎം ജേക്കബ് മെമ്മോറിയൽ ഗവൺമെൻറ് കോളേജ്, മണിമലക്കുന്ന് | എറണാകുളം | 5.26 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 18 | ബേബി ജോൺ മെമ്മോറിയൽ ഗവൺമെൻറ് കോളേജ്, ചവറ, കൊല്ലം | കൊല്ലം | 5.28 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 19 | ഗവൺമെൻറ് കോളേജ്, കാര്യവട്ടം | തിരുവനന്തപുരം | 6.52 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 20 | ഗവൺമെൻറ് കോളേജ്, തൃപ്പൂണിത്തുറ | എറണാകുളം | 14.42 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 21 | ഗവൺമെൻറ് കോളേജ്, കോട്ടയം | കോട്ടയം | 8.25 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 22 | ഗവൺമെൻറ് കോളേജ്, കട്ടപ്പന | ഇടുക്കി | 6.34 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 23 | ഗവൺമെൻറ് കോളേജ്, കൊണ്ടോട്ടി | മലപ്പുറം | 6.13 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 24 | പിടിഎം ഗവൺമെൻറ് കോളേജ്, പെരിന്തൽമണ്ണ | മലപ്പുറം | 7.45 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 25 | ഗവൺമെൻറ് കോളേജ്, മലപ്പുറം | മലപ്പുറം | 5.04 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 26 | ഗവൺമെൻറ് കോളേജ്, മൊകേരി | കണ്ണൂർ | 6.99 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 27 | ഗവൺമെൻറ് കോളേജ്, ഉദുമ | കാസർഗോഡ് | 7.84 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 28 | ഗവൺമെൻറ് കോളേജ്, പെരിങ്ങോം | കണ്ണൂർ | 8.32 | റീ ടെൻഡർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു |
| 29 | സികെജി മെമ്മോറിയൽ ഗവൺമെൻറ് കോളേജ്, പേരാമ്പ്ര | കോഴിക്കോട് | 7.95 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 30 | SARBTM ഗവൺമെൻറ് കോളേജ്, കൊയിലാണ്ടി | കോഴിക്കോട് | 5.88 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 31 | ഗവൺമെൻറ് കോളേജ്, മടപ്പള്ളി | കോഴിക്കോട് | 4.32 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 32 | ഗവൺമെൻറ് കോളേജ്, മാനന്തവാടി | വയനാട് | 4.71 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 33 | ഗവൺമെൻറ് കോളേജ്, തൃത്താല | പാലക്കാട് | 7.43 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 34 | ഗവൺമെൻറ് കോളേജ്, അട്ടപ്പാടി | പാലക്കാട് | 11.27 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |

| സി. നം: | സ്ഥാപനങ്ങളുടെ / കോളേജുകളുടെ പേര് | ജില്ല | കിഫ്ബി അംഗീകരിച്ച തുക ( കോടി) | പ്രവർത്തിയുടെ നില |
|---|---|---|---|---|
| 35 | ഗവൺമെൻറ് കോളേജ്, ചേലക്കര | തൃശൂർ | 8.29 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 36 | ഗവൺമെൻറ് കോളേജ്, കോഴിക്കോട് | കോഴിക്കോട് | 3.33 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 37 | ഗവൺമെൻറ് വിമെൻസ് കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം | | പുതുക്കിയ DPR സമർപ്പിച്ചിട്ടുണ്ട്, KIIFB വിലയിരുത്തൽ നടന്നുകൊണ്ടിരിക്കുന്നു |
| IV | പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്ക് ഭൂമി ഏറ്റെടുക്കലും അടിസ്ഥാന സൗകര്യ വികസനവും | | | |
| 38 | ഗവൺമെൻറ് കോളേജ്, ഇലന്തൂർ | പത്തനംതിട്ട | 15.28 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |
| 39 | CHMKM ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്, കൊടുവള്ളി | കോഴിക്കോട് | 12.19 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |
| 40 | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്, പത്തിരിപ്പാല | പാലക്കാട് | 10.15 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |
| 41 | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്,താനൂർ | മലപ്പുറം | 19.63 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു. സ്ഥലം ഏറ്റെടുപ്പിന് നടപടികൾ ആരംഭിച്ചു |
| 42 | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്ഫോർ വിമൻസ് ഡൗൺഹിൽ, മലപ്പുറം | മലപ്പുറം | 13.85 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |
| 43 | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്, തഴവ | കൊല്ലം | 9.84 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |
| 44 | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്, ഒല്ലൂർ | തൃശ്ശൂർ | | സ്ഥലം ഏറ്റെടുപ്പിന് നടപടികൾ ആരംഭിച്ചു |
| 45 | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്,കുളത്തൂർ, നെയ്യാറ്റിൻകര | തിരുവനന്തപുരം | | സ്ഥലം ഏറ്റെടുപ്പിന് നടപടികൾ ആരംഭിച്ചു |
| 46 | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്, നിലമ്പൂർ | മലപ്പുറം | | DPR സമർപ്പിച്ചിട്ടുണ്ട്, KIIFB വിലയിരുത്തൽ നടന്നുകൊണ്ടിരിക്കുന്നു. സ്ഥലം ഏറ്റെടുപ്പിന് നടപടികൾ ആരംഭിച്ചു |
| 47 | SRV ഗവൺമെൻറ് കോളേജ് ഓഫ് മ്യൂസിക് ആൻഡ് പെർഫോമിംഗ് ആർട്സ്, തൃശ്ശൂർ | തൃശ്ശൂർ | | ഭരണാനുമതി ലഭ്യമായാൽ ഉടൻതന്നെ നടപടികൾ ആരംഭിക്കും |

| സി. നം: | സ്ഥാപനങ്ങളുടെ / കോളേജുകളുടെ പേര് | ജില്ല | കിഫ്ബി അംഗീകരിച്ച തുക (കോടി) | പ്രവർത്തിയുടെ നില |
|---|---|---|---|---|
| 48 | ഗവൺമെൻറ് കോളേജ്, വൈപ്പിൻ, എറണാകുളം | എറണാകുളം | | അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല |
| V | യൂണിവേഴ്സിറ്റികളുടെ അടിസ്ഥാന സൗകര്യ വികസനം | | | |
| 49 | M.G. യൂണിവേഴ്സിറ്റി | കോട്ടയം | 50.28 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 50 | കാലിക്കറ്റ് യൂണിവേഴ്സിറ്റി | കാലിക്കറ്റ് | 77.93 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |
| 51 | കണ്ണൂർ യൂണിവേഴ്സിറ്റി | കണ്ണൂർ | 40.43 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം - II

അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാംപസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE - Online Resources Initiatives of Collegiate Education) മുഖേന ദേശീയ/അന്തർദേശീയ തലത്തിൽ പ്രഗത്ഭരായ അക്കാഡമീഷ്യന്മാരെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായോ, സ്ഥാപന ങ്ങളുമായോ ബന്ധപ്പെടുത്തി അവരുടെ അറിവും, അനുഭവജ്ഞാനവും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ഒരേ സമയം എത്തിക്കുന്നതിന് വേണ്ടി കഴിഞ്ഞിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ് സൗകര്യമുള്ള കോളേജുകളിൽ ടു വേ കമ്മ്യൂണിക്കേഷനിലൂടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലൈവ് സ്ട്രീമിംഗ് മുഖാന്തരവും വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുംവിധം Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish മുതലായ പഠന പരമ്പരകളിൽ ഓൺലൈൻ ക്ലാസുകൾ നടന്നു വരുന്നുണ്ട് .
2. ബിരുദതലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ക്ലാസുകൾ നൽകുക, സർവകലാശാല പരീക്ഷയ്ക്ക് തയാറാക്കുക എന്നീ പ്രവർത്തനങ്ങൾക്കായി 63 സർക്കാർ കോളേജുകളിലും 151 എയ്ഡഡ് കോളേജുകളിലും Scholar Support Programme നടന്നുവരുന്നുണ്ട്.
3. പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾക്കായി 'പഠിതാവിനൊപ്പം' (Walk With a Scholar) എന്ന പദ്ധതി 63 സർക്കാർ കോളേജുകളിലും 151 എയ്ഡഡ് കോളേജുകളിലും നടന്നു വരുന്നു.
4. കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുക വഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിത പ്പെടുത്തുന്നതിനുവേണ്ടി FLAIR (Fostering Linkages For Academic Innovation And Research) പദ്ധതി നടത്തി വരുന്നു.

5. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ BSNL ന്റെ സിംഗിൾ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് മുഖാന്തരം അതിവേഗ സ്റ്റേബിൾ ഇന്റർനെറ്റ് സേവനം പ്രദാനം ചെയ്യുന്നു. ഒരു ഇന്റർനെറ്റ് ഹബ്ബിൽ നിന്നും ക്യാംപസ് മുഴുവനും ഒപ്റ്റിക്കൽ ഫൈബർ കേബിളിലൂടെ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നത് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരു പോലെ പ്രയോജനം ചെയ്യുന്നു. ഇ-ലേർണിംഗ് പോലുള്ള അത്യാധുനിക സംവിധാനങ്ങൾ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനും അധ്യാപകർക്ക് ഓൺലൈൻ ക്ലാസ് എടുക്കുന്നതിനും പ്രസ്തുത സാങ്കേതിക വിദ്യയിലൂടെ സാധിക്കുന്നു.
6. ഉന്നത വിദ്യാഭ്യാസമേഖലയുടെ ശാക്തീകരണത്തിനായി ഗവേഷണ സ്ഥാപനങ്ങളെയും ഉന്നതവിദ്യാപീഠങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനായി സെൻറർ ഓഫ് എക്സലൻസ് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിമാരുടെയും വ്യക്തിഗത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തുന്നതിന് അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി നടത്തി വരുന്നു.
7. കേരളത്തിലെ സർക്കാർ കോളേജുകളിലെ ലൈബ്രറികളുടെയും ലബോറട്ടറികളുടെയും സമഗ്രവികസനത്തിനായി കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിൽ ലൈബ്രറി ലബോറട്ടറി വികസനം നടന്നു വരുന്നു.
8. സർക്കാർ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിനും അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം തുക വിനിയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.
9. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത പ്രശ്ങ്ങൾ നേരിടുന്നതിനായുള്ള മാർഗനിർദേശങ്ങൾ യഥാസമയം നല്കുന്നതിനുമായി 2019-20 സാമ്പത്തിക വർഷം മുതൽ "Jeevani - College Mental Awareness Programme" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 69 സർക്കാർ കോളേജുകളിലായി ജീവനി അപ്രന്റീസുമാരെ നിയോഗിച്ചിട്ടുണ്ട്. കൗൺസലിങ്ങിന് പുറമെ കോളേജുകളിൽ മാനസികാരോഗ്യ ബോധവത്കരണ ക്യാമ്പുകളും നടത്തി വരുന്നു.
10. സർക്കാർ കോളേജുകളുടെ സമഗ്ര പുരോഗതിയ്ക്കായി കോളേജുകളിലെ തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ലീഡ് കോളേജസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

11. സർക്കാർ കോളേജുകളിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ഓൺലൈൻ പാഠ്യ/പഠന സേവനങ്ങൾ യാതൊരു സാങ്കേതിക തടസ്സവും കൂടാതെ ലഭ്യമാക്കുന്നതിനായി വൈഫൈ ക്യാമ്പസുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
12. ഹരിത കേരളം എന്ന മഹാലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പ്പെന്നോണം സർക്കാർ കോളേജുകളെ ഹരിത ക്യാമ്പസുകളാക്കി മാറ്റുന്നതിനായി ഗ്രീൻ ക്യാമ്പസ് ഇനീഷ്യേറ്റീവ് പദ്ധതി നടത്തി വരുന്നു.
13. വിദ്യാർത്ഥികൾക്കും പ്രാദേശിക സമൂഹത്തിനും ഇടയിൽ നൂതന ആശയങ്ങളുടെ ഇൻക്യൂബേറ്ററായി പ്രവർത്തിക്കുന്നതിനായി യുറേക്ക ലാബ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.
14. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കോളേജുകളിൽ തുല്യമായ പഠന സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ബാരിയർ ഫ്രീ ക്യാമ്പസ് പദ്ധതി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**